compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 31
Tuesday, 31st March 2026

1201 മീനം 17
17th Meenam 1201

1948 ചൈത്രം 10
10th Chaithra 1948

വാല്യം 15
Vol. XV

നമ്പർ **13**
No.

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

ഹാജർ : ബിന്ദു.എൻ

നം./DDPKD/ 10143/2021-CE തിയതി: 10/07/2025

വിഷയം:ക്ഷീര വികസന വകുപ്പ്, പാലക്കാട് - പ്രവർത്തന രഹിതമായ ക്ഷീര സംഘങ്ങൾ - ഷൊർണ്ണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499- സമാപ്തീകരണം-ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു .

പരാമർശം:- 1) ഈ ഓഫീസിലെ 06/07/2017തിയതിയിലെ ഇ-1106/2015 നമ്പർ ഉത്തരവ്.

2).ബഹു: ഡയറക്ടറുടെ 05/09/2024ലെ DDKER/2638/2023-C3 നമ്പർ കത്ത്.

3) പട്ടാമ്പി ക്ഷീര വികസന ഓഫീസറുടെ 16/04/2025 തിയതിയിലെ DESU-PKD0PTB/68/2023-DFO നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ പട്ടാമ്പി ക്ഷീര വികസന യൂണിറ്റിന്റെ പ്രവർത്തന പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഷൊർണ്ണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499-ന്റെ പ്രവർത്തനം വർഷങ്ങളായി നിലച്ചുപോയിട്ടുള്ളത് പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ സൂചന(1) പ്രകാരം പട്ടാമ്പി ക്ഷീര വികസന ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. പുനരുദ്ധാരണ സാധ്യത ഇല്ലാത്തതിനാൽ സംഘം സമാപ്തീകരണത്തിലേക്ക് ലിക്വിഡേറ്ററെ നിയമിക്കുകയും 31/05/2024 തിയതിക്കു മുൻപായി ആക്ഷേപം സ്വീകരിച്ചുകൊണ്ടുള്ള നോട്ടീസ് ലിക്വിഡേറ്റർ പുറപ്പെടുവിക്കുകയും സ്ഥലം, കെട്ടിടം സംബന്ധിച്ച് ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുമായി ആക്ഷേപം നിലനിന്നിരുന്നതിനാൽ സമാപ്തീകരണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെന്നും സംഘത്തിന്റെ പേരിലുണ്ടായിരുന്ന സ്ഥലവും കെട്ടിടവും നിലവിൽ ഷൊർണ്ണൂർ നഗരസഭ സെക്രട്ടറിയുടെ പേരിലാണെന്നായതിനാൽ ഷൊർണ്ണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499- റിവൈവ് ചെയ്യുന്നതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി പട്ടാമ്പി ക്ഷീര വികസന ഓഫീസറെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും ചെയ്തിരുന്നു. എന്നാൽ സംഘം പുനരുദ്ധാരണം ചെയ്യുന്നതിനുള്ള യാതൊരു സാധ്യതയും നിലനിൽക്കുന്നില്ല എന്നും പുനരുജ്ജീവിപ്പിക്കുന്നതിനായി എടുത്ത നടപടികൾ വിജയപ്രദമല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കാവുന്നതാണെന്ന് സൂചന(3) പ്രകാരം പട്ടാമ്പി ക്ഷീര വികസന ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ ഷൊർണ്ണൂർ മിൽക്ക് സപ്ലൈ യൂണിയൻ ക്ലിപ്തം നം.എഫ്.1499 ന്റെ സമാപ്തീകരണ നടപടികൾ കൈക്കൊള്ളുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്ററായി ക്ഷീര വികസന ഓഫീസർ പട്ടാമ്പിയെ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘം സമാപ്തീകരിക്കുന്ന നടപടികൾ നിയമാനുസൃതം പൂർത്തീകരിച്ച് ലിക്വിഡേറ്റർ ഈ ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ക്ഷീര വികസന ഓഫീസർ /ലിക്വിഡേറ്റർ
ക്ഷീര വികസന യൂണിറ്റ്, പട്ടാമ്പി ബ്ലോക്ക്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

ഹാജർ : ബിന്ദു.എൻ

നം./DDPKD/ 886/2023-CC തിയതി: 12/07/2024

വിഷയം:ക്ഷീര വികസന വകുപ്പ്, പാലക്കാട് - മിഥുനപള്ളം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.പി.277(ഡി) ആപ്കോസ് - സമാപ്തീകരണം-ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു .

പരാമർശം: - 1) ഈ ഓഫീസിലെ 07/02/2024ലെ മേൽ നമ്പർ ഉത്തരവ്.
2).മലമ്പുഴ ക്ഷീര വികസന ഓഫീസറുടെ 27/05/2024 തിയതിയിലെ DESU-PKD0MPZ/52/2024-DFI1 നമ്പർ കത്തും 65-വകുപ്പ് അന്വേഷണറിപ്പോർട്ടും.
3) ബഹു: ഡയറക്ടറുടെ 22/03/2024ലെ DDKER/1156/2024-D2 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ മലമ്പുഴ ക്ഷീര വികസന യൂണിറ്റിന്റെ പ്രവർത്തന പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മിഥുനപള്ളം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.പി.277(ഡി) ആപ്കോസിന്റെ പ്രവർത്തനം വർഷങ്ങളായി നിലച്ചുപോയിട്ടുള്ളത് പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ സൂചന(1) പ്രകാരം മലമ്പുഴ ക്ഷീര വികസന ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. സൂചന(2)ലെ റിപ്പോർട്ട് പ്രകാരം സംഘം പുനരുജ്ജീവിപ്പിക്കുന്നതിനായി എടുത്ത നടപടികൾ വിജയപ്രദമല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കാവുന്നതാണെന്ന് മലമ്പുഴ ക്ഷീര വികസന ഓഫീസർ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം 65ം വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് സഹിതം ശുപാർശ ചെയ്തിട്ടുണ്ട്. സൂചന(3) പ്രകാരം സമാപ്തീകരണ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുന്നതിന് ഡയറക്ടർ നിർദ്ദേശിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ മിഥുനപള്ളം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നം.പി.277(ഡി) ആപ്കോസിന്റെ സമാപ്തീകരണ നടപടികൾ കൈക്കൊള്ളുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്ററായി ക്ഷീര വികസന ഓഫീസർ, മലമ്പുഴയെ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമാപ്തീകരിക്കുന്നതിനുവേണ്ട നടപടികൾ നിയമാനുസൃതം പൂർത്തീകരിച്ച് ലിക്വിഡേറ്റർ ഈ ഓഫീസിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ക്ഷീര വികസന ഓഫീസർ /ലിക്വിഡേറ്റർ
ക്ഷീര വികസന യൂണിറ്റ്, മലമ്പുഴ ബ്ലോക്ക്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.31 04:33:44 +05:30